# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2114 | 07.07.2015-ലെ മറുപടിയ്ക്ക് |
|---|---|

**സ്വർണ്ണ വ്യാപാര മേഖലയിൽ നിന്നുള്ള നികുതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.രാജു | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | സ്വർണ്ണ വ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണം വിൽക്കപ്പെടുന്നു എന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ ; വിശദമാക്കുമോ ; | (എ) | നിലവിലുള്ള റിട്ടേൺ പ്രകാരം വിറ്റുവരവല്ലാതെ അളവു /തുക്ക വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | ആയതിൻ പ്രകാരം ചുമത്തപ്പെട്ടിട്ടുള്ള നികുതി എത്രയെന്നും ഇതിൽ സർക്കാരിന് ലഭിക്കേണ്ട നികുതി തുക എത്രയാണെന്നും കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) | കഴിഞ്ഞവർഷം സ്വർണ്ണ വ്യാപാര മേഖലയിൽ നിന്നും ലഭിച്ച നികുതി 456.76 കോടി രൂപയാണ്. നികുതി വെട്ടിപ്പു കണ്ടെത്തുന്ന കേസുകളിൽ വകുപ്പ് നികുതി പുനർ നിർണ്ണയം നടത്താറുണ്ട്. |
| (സി) | ഇതിൽ കുറവുണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ സാമ്പത്തിക വർഷം സ്വർണ വ്യാപാരികൾക്ക് ഏതെല്ലാം ഇനത്തിലുള്ള നികുതി ഇളവുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ; ആയതിൻ പ്രകാരം സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 ധനകാര്യ നിയമപ്രകാരം സ്വർണ്ണവ്യാപാരത്തിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന വ്യാപാരികൾക്ക് അവരുടെ വിറ്റുവരവ്, കോമ്പൗണ്ടിംഗിൽ തുടരുന്ന കാലാവധി എന്നിവ ആസ്പദമാക്കി 2013-14 മുൻകാല പ്രാബല്യത്തോടെ നികുതി നിരക്കിൽ കുറവു നൽകുകയുണ്ടായി. അതിനെ തുടർന്ന് 2013-14 ൽ അടച്ച അധിക നികുതി 2014-15 ൽ അടയ്ക്കേണ്ട നികുതിയിൽ ചിലർ തട്ടിക്കിഴിച്ചതിനെത്തുടർന്ന് നികുതി പിരിവിൽ ചെറിയ കുറവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ